27
ഡിസംബർ
2018

# പ്രതിധ്വനി

കുടുംബശ്രീ വാർത്താ പത്രിക

Govt. of Kerala

ലക്കം: 028

# അട്ടപ്പാടിയിൽ മികവിന്റെ കേന്ദ്രത്തിന് തുടക്കം



അട്ടപ്പാടിയിലെ ആദിവാസി സമൂഹത്തിന്റെ നേതൃത്വത്തിലുള്ള പരിശീലന കേന്ദ്രം എം.ബി. രാജേഷ് എംപി വയലൂർ ഊരിൽ ഉദ്ഘാടനം ചെയ്തു. ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിന്റെ ഭാഗമായി കുടുംബശ്രീ മുഖേന അട്ടപ്പാടിയിൽ നടത്തുന്ന അട്ടപ്പാടി ആദിവാസി സമഗ്ര ഉപജീവന പദ്ധതിയുടെ ഭാഗമായാണ് ഈ മികവിന്റെ കേന്ദ്രം ആരംഭിച്ചിരിക്കുന്നത്. ആദിവാസി ഭാഷയിൽ മെച്ചിനപ്പള്ളിയെന്നാണ് സെന്റർ ഓഫ് എക്സലൻസിന് നൽകിയിരിക്കുന്ന പേര്.

ഊരു സമിതിക്കാണ് ഈ കേന്ദ്രത്തിന്റെ ചുമതല. അട്ടപ്പാടി പ്രത്യേക പദ്ധതിയുടെ ഭാഗമായുള്ള എല്ലാ പ്രവർത്തനങ്ങളും സേവനങ്ങളും ഇവിടെ ലഭിക്കും. ആദിവാസി

## മികവിന്റെ കേന്ദ്രത്തിലൂടെ അറിവും പരിശീലനവും

സംസ്ക്കാരം, ഉപജീവന മാർഗ്ഗങ്ങൾ, വിവിധ വകുപ്പുകൾ നടത്തുന്ന പദ്ധതികൾ എന്നിവയെല്ലാം ഇവിടെ നിന്ന് പഠിക്കാനാകും. വിദ്യാഭ്യാസം, സംഘടനാ സംവിധാന രൂപീകരണം, സാമൂഹ്യ വികസനം, ആരോഗ്യം, ഉപജീവനം എന്നിങ്ങനെയുള്ള വ്യത്യസ്ത മേഖലകളിൽ പരിശീലനം നേടിയവരും മറ്റ് ഫെസിലിറ്റേറ്റർമാരുമാണ് കേന്ദ്രത്തിലുള്ളത്. ആദിവാസി സമൂഹത്തിൽ നിന്നു തന്നെയുള്ളവരാണിവർ. ആദിവാസി ഭാഷ, കലകൾ, ഊരുകളിലെ ഭരണ നിർവ്വഹണം, ഊരുകളുടെ ചരിത്രം എന്നിവയെല്ലാം ഈ കേന്ദ്രം വഴി അറിയാനാകും. വിദ്യാഭ്യാസം, ആരോഗ്യം, ഉപജീവനം, സാമൂഹ്യ വികസനം, തൊഴിൽ കൗൺസിലിങ്, എംജിഎൻആർഇജിഎസ്, പഞ്ചായത്തീരാജ്, ആസൂത്രണം തുടങ്ങീ ആദിവാസി സമൂഹത്തിന്റെ വികസനം ലക്ഷ്യമിട്ടിട്ടുള്ള പ്രവർത്തനങ്ങളിൽ ഈ മികവിന്റെ കേന്ദ്രത്തിൽ നിന്ന് പരിശീലനം നേടാനും കഴിയും.

കമ്മ്യൂണിറ്റി കിച്ചൺ, ബാല ഗോത്രസഭ, പരമ്പരാഗത ഉപജീവന മാർഗ്ഗങ്ങൾ, മറ്റ് ഉപജീവന മാർഗ്ഗങ്ങൾ, മറ്റ് വകുപ്പുകളുമായി സംയോജിച്ച് നടത്തുന്ന പ്രവർത്തനങ്ങൾ, കുടുംബശ്രീയുടെ ത്രിതല സംവിധാനത്തിന്റെ പ്രവർത്തനം എന്നിവയെല്ലാം വിശദമാക്കുന്ന പ്രദർശനങ്ങളും മികവിന്റെ കേന്ദ്രത്തിൽ ഒരുക്കിയിട്ടുണ്ട്. കേരളത്തിലെ ആദിവാസി സമൂഹത്തിന്റെ വികസനത്തെക്കുറിച്ച് മനസ്സിലാക്കുന്നതിനുള്ള ഒരു സംവിധാനമായി ഈ മികവിന്റെ കേന്ദ്രം വർത്തിക്കും.

# കണ്ണൂരിൽ മുകുളം ബാലസഭ പ്രവർത്തനമാരംഭിച്ചു

ബഡ്സ് സ്ഥാപനങ്ങളിലെ കുട്ടികൾക്ക് വേണ്ടിയുള്ള ബാലസഭകൾക്ക് കണ്ണൂർ ജില്ലാ മിഷൻ തുടക്കമിട്ടു. ജില്ലയിലെ ബഡ്സ് സ്കൂളുകൾ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന ഈ ബാലസഭകൾക്കെല്ലാം ചേർത്ത് മുകുളം ബാലസഭ എന്ന പേരാണ് നൽകിയിരിക്കുന്നത്. ജില്ലയിൽ ആകെ 14 ബഡ്സ് സ്കൂളുകളാണുള്ളത്. ബഡ്സ് സ്കൂൾ ടീച്ചർമാരും മറ്റ് ഉദ്യോഗസ്ഥരും രക്ഷിതാക്കളും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും പദ്ധതിയുടെ ഭാഗമാണ്. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കുടുംബശ്രീ നടത്തുന്ന സ്ഥാപനങ്ങളാണ് ബഡ്സ് സ്ഥാപനങ്ങൾ. കുട്ടികളുടെ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനായി കുടുംബശ്രീ രൂപീകരിച്ച കുട്ടികളുടെ അയൽക്കൂട്ടങ്ങളാണ് ബാലസഭകൾ.

സംസ്ഥാനത്ത് 202 ബഡ്സ് സ്ഥാപനങ്ങളാണ് ഇപ്പോഴുള്ളത്. 18 വയസ്സിന് മുകളിൽ പ്രായമുള്ളവർക്കായി ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററും 18ൽ താഴെ പ്രായമുള്ള കുട്ടികൾക്കായി ബഡ്സ് സ്കൂളുകളുമാണ് ബഡ്സ് സ്ഥാപനങ്ങളായുള്ളത്. വിവിധങ്ങളായ ശിശുകേന്ദ്രീകൃത പ്രവർത്തന പരിപാടികളിലൂടെ കുട്ടികളുടെ കഴിവുകൾ വിപുലപ്പെടുത്തുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കുകയാണ് ബാലസഭയിലൂടെ ലക്ഷ്യമാക്കുന്നത്. നിലവിൽ 32878 ബാലസഭകളിലായി 430908 കുട്ടികൾ അംഗങ്ങളാണ്. അഞ്ച് മുതൽ 18 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് ബാലസഭകളിൽ അംഗമാകാനാകും. ഒരു ബാലസഭയിൽ കുറഞ്ഞത് 15 കുട്ടികളും കൂടിയാൽ 30 കുട്ടികളുമാണുണ്ടാകുക.



# ഡിഡിയുജികെവൈ; ഓൺലൈൻ മൊബൈൽ ആപ്ലിക്കേഷനുമായി ജൻശിക്ഷൺ സൻസ്ഥാൻ

കുടുംബശ്രീയുടെ ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന (ഡിഡിയുജികെവൈ) നൈപുണ്യ പരിശീലന കേന്ദ്രങ്ങളിലൊന്നായ മലപ്പുറത്തെ ജൻശിക്ഷൺ സൻസ്ഥാൻ പരിശീലനാർത്ഥികൾക്ക് വേണ്ടി ഓൺലൈൻ ലേണിങ് മൊബൈൽ ആപ്ലിക്കേഷൻ തയാറാക്കി. കുട്ടികളുടെ സ്മാർട്ട്ഫോണുകളിൽ ഡൗൺലോഡ് ചെയ്ത് ഇൻസ്റ്റാൾ ചെയ്ത് ഈ ആപ്ലിക്കേഷൻ ഉപയോഗിക്കാനാകും. ഓരോ പരിശീലനാർത്ഥിക്കും ഒരു യൂസർ നെയിമും പാസ്വേർഡും നൽകും. ഇത് ഉപയോഗിച്ച് ലോഗ് ഇൻ ചെയ്ത് ഓൺലൈൻ പരീക്ഷകളിൽ കുട്ടികൾക്ക് പങ്കെടുക്കാം.

പരിശീലനാർത്ഥികൾക്ക് പരിശീലകർ നൽകിയ ക്ലാസ്സുകൾ അടിസ്ഥാനമാക്കിയാണ് പരീക്ഷാ ചോദ്യങ്ങൾ തയാറാക്കിയിരിക്കുന്നത്. നിശ്ചിത സമയത്തിനുള്ളിൽ പരീക്ഷ പൂർത്തിയാക്കണം. ഒരു വിദ്യാർത്ഥിക്ക് ഒരു തവണ മാത്രമേ ഒരു പരീക്ഷയിൽ പങ്കെടുക്കാനാകൂ. ഓരോ പരീക്ഷയ്ക്ക് ശേഷവും ഉത്തരങ്ങൾ കണ്ട് സ്വയം വിലയിരുത്താനും കഴിയും.

# ആഘോഷമായി പാലക്കാടിന്റെ തുടി ഫെസ്റ്റ്

കുടുംബശ്രീ പാലക്കാട് ജില്ലാ മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച തുടി ആദിവാസി സാംസ്ക്കാരിക മേള ശ്രദ്ധേയമായി. മലമ്പുഴ ഗ്രാമ പഞ്ചായത്ത് ഹാളിൽ നടത്തിയ മേളയിൽ കുടുംബശ്രീ അംഗങ്ങളായ 500 ആദിവാസികളും അവരുടെ കുടുംബാംഗങ്ങളും പങ്കെടുത്തു. ആദിവാസികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരുന്നത് ലക്ഷ്യമിട്ടാണ് മേള സംഘടിപ്പിച്ചത്. അന്യം നിൽക്കുന്ന ഗോത്രവർഗ്ഗ പൈതൃകവും തനതുകലകളും സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും കൂടാതെ പരമ്പരാഗത ഉപജീവന മാർഗ്ഗങ്ങൾ, പരമ്പരാഗത ഭക്ഷണം എന്നിവയെക്കുറിച്ചെല്ലാം ധാരണ നൽകാനും തുടി ഫെസ്റ്റിന് കഴിഞ്ഞു.

ആദിവാസി ഭക്ഷണ വിഭവങ്ങൾ ഉൾപ്പെടുത്തിയ ഭക്ഷ്യമേള, വിവിധ കലാരൂപങ്ങൾ ഉൾപ്പെടുത്തിയ സാംസ്ക്കാരിക മേള എന്നിവയും ഉൾപ്പെടുന്നതായിരുന്നു തുടി ഫെസ്റ്റ്.

ആദിവാസി നാടോടി നാടകം, കാടർ നൃത്തം. മലയർ ആദിവാസി നൃത്തം. ഉരുള നൃത്തം, കൊട്ടും മുറവും കുഴലും എന്നീ കലാപരിപാടികൾ ആദിവാസി കലാ മേളയുടെ ഭാഗമായി അരങ്ങിലെത്തിച്ചു. പുതു തലമുറയിലേക്ക് ആദിവാസി ചരിത്രവും സാംസ്ക്കാരിക പാരമ്പര്യവും ഉപജീവന രീതികളും എത്തിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നതിലൊന്നാണ് ആദിവാസി നാടോടി നാടകം. ആദിവാസി ഗാനങ്ങളും നൃത്തങ്ങളും വഴിയാണ് ഇങ്ങനെയുള്ള വിവരങ്ങൾ കൈമാറുന്നത്. സ്ത്രീകൾ മാത്രം പങ്കെടുക്കുന്ന നൃത്തരൂപമാണ് കാടർ നൃത്തം. കാടർ വിഭാഗക്കാരാണ് ഈ കലാരൂപം അവതരിപ്പിക്കുന്നത്.



മുളയരി പുട്ട്, മുളയരി പായസം, കസ്തൂരി മഞ്ഞൾ പായസം, റാഗി കളി, ചോളം കളി, കപ്പ പുഴുങ്ങിയതും നാടൻ കോഴിക്കറിയും, വനത്തിൽ നിന്ന് ലഭിക്കുന്ന വിവിധ ഉത്പന്നങ്ങൾ ഉപയോഗിച്ചുള്ള അച്ചാറുകൾ എന്നിവയെല്ലാം ഭക്ഷ്യമേളയിലെത്തിയവർക്ക് രുചിയുടെ പുതിയ ലോകം തുറന്ന് നൽകി.

# പദ്ധതി പ്രവർത്തന പുരോഗതി: കണ്ണൂർ ജില്ല

അഗതിരഹിത കേരളം

20

അഗതിരഹിത കേരളം പദ്ധതിയുടെ കണ്ണൂർ ജില്ലയിലെ പുരോഗതിയെക്കുറിച്ചാണ് ഈ ലക്കം വിശദമാക്കുന്നത്. ജില്ലയിൽ 10255 കുടുംബങ്ങളുടെ മൊബൈൽ സർവ്വേയാണ് പൂർത്തിയാക്കിയത്. ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ ഇതിൽ 5299 കുടുംബങ്ങളെ ഗുണഭോക്തൃ കുടുംബങ്ങളായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് 10229 പേർ ഗുണഭോക്താക്കളാകും. ഇതിൽ 453 പേർ എസ്ടി വിഭാഗത്തിൽ ഉൾപ്പെടുന്നവരാണ്. 414 കുട്ടികളും ഇതിൽ ഉൾപ്പെടും. കണ്ണൂർ ജില്ലയിൽ ആകെ 81 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണുള്ളത്

| പ്രവർത്തന പുരോഗതി | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം |
|---|---|
| അപ്പീൽ പുന: പരിശോധന കഴിഞ്ഞവ | 81 |
| പ്രത്യേക ഗ്രാമസഭ കഴിഞ്ഞവ | 81 |
| ഗുണഭോക്തൃ പട്ടിക അന്തിമമാക്കിയവ | 81 |
| ആരോഗ്യ ക്യാമ്പ് നടത്തിയവ | 81 |
| പ്രോജക്റ്റുകൾ തയ്യാറാക്കിയവ | 77 |

അടുത്തലക്കം: കാസർഗോഡ് ജില്ലയുടെ പുരോഗതി

കൂടുതൽ വിവരങ്ങൾക്ക് : dfk.ksm@gmail.com

Printed and published by S. Harikishore IAS, Executive Director, Kudumbashree, State Poverty Eradication Mission, Government of Kerala, 2nd Floor, TRIDA Building, Chalakkuzhi Road, Medical College P.O., Thiruvananthapuram - 695011, Kerala. Editor: Asha Varghese, Associate Editors: Chaithanya. G, Manjary Asok, Asha S. Panicker. Design: Arun S, Publicity: Sreebal. B. S, E-mail: prteamkshreeho@gmail.com